ഉത്തരം

(എ&ബി) മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ്ബാർ കം ബ്രിഡ്ജ് പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിവരുന്നു.

കടൽഭിത്തി നിർമ്മാണം

137 (2417) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ ഭരണാനുമതി ലഭിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇവിടങ്ങളിൽ 4.545 കി. മീറ്റർ ഐ.ഐ.ടി. മുഖേന വിശദമായ പഠനം നടത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതിദത്ത ജലസ്രോതസ്സുകളുടെ സംരക്ഷണം

138 (2418) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദത്ത ജലസ്രോതസ്സുകളെ സംരക്ഷിക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കിയോ;

(ബി) എത്ര ഏക്കർ ഭൂമി 2008 ആഗസ്റ്റ് 12-നു മുമ്പ് നികത്തിയെന്ന് അറിയിക്കാമോ;

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനു വിരുദ്ധമായി ഇപ്പോൾ ഉണ്ടാക്കിയ ചട്ടം തിരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly